## സർക്കുലർ

24/1/എൻഎസ്എസ്/ഡിഎച്ച്എസ്ഇ/2017 25/01/2017

### 68 ാം റിപ്പബ്ലിക് ദിനാശംസകൾ
### 26/01/2017

നാനാത്വത്തിൽ ഏകത്വം എന്ന ഇന്ത്യയുടെ മുദ്രാവാക്യത്തിന് നിയമവും കരുത്തും സംരക്ഷണവും നൽകുന്നതായിരുന്നു ഡോക്ടർ അംബേദ്കറുടെ നേതൃത്വത്തിൽ രൂപം നൽകിയ ഭരണ ഘടന. സമത്വം, നീതി, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ആമുഖത്തിൽ പറയുന്നതാണ്. ഭരണഘടയുടെ ആത്മാവ്. 1950 ൽ പാസാക്കിയ ഭരണഘടനയുടെ ആമുഖത്തിൽ ഇതെല്ലാം എടുത്തു പറയുന്നു. 1976 ൽ ആമുഖം ഭേദഗതി ചെയ്ത് 'സോഷ്യലിസ്റ്റ് മതേതരത്വം' എന്നുകൂടി ചേർത്തു. ഇപ്പോൾ ഭരണഘടനയിൽ 395 ആർട്ടിക്കിളുകളും 12 ഷെഡ്യൂളുകളുമാണ്. 1950 ജനുവരി 26 നാണ് ഭരണഘടന നിലവിൽ വന്നത്.

രാഷ്ട്രത്തലവന്മാർ ജനങ്ങളാൽ തെരഞ്ഞെടുക്കുകയും പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യുന്ന രാജ്യങ്ങളെയാണ് റിപ്പബ്ലിക്ക് എന്നു പറയുന്നത്. ഇതിനൊപ്പം ജനങ്ങളുടെ ഹിതമനുസരിച്ച് പ്രധാനമന്ത്രിയും മന്ത്രിസഭയും ഭരണഘടനയും ചട്ടക്കൂടിൽ നിന്നു ഭരണം സാദ്ധ്യമാക്കുകയും ചെയ്യുന്നു. നമ്മുടെ ഭരണഘടനയെ സംരക്ഷിക്കാനുള്ള ഓർമ്മപ്പെടുത്തലാണ് നാമോരുത്തരും ഈ ദിനത്തിൽ ആചരിയ്ക്കേണ്ടത്. **ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ രണ്ടു മിടുക്കരായ വോളണ്ടിയർമാർ............ കോട്ടയം ജില്ലയിലെ ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ സഞ്ജു സണ്ണി, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ കെ.സാന്ദ്രമോളും ഡൽഹിയിലെ റിപ്പബ്ലിക്ക് ദിന പരേഡിൽ കേരളത്തിന്റെ സംഘത്തിൽ പങ്കെടുക്കുന്നത് നമുക്ക് അഭിമാനിയ്ക്കാം.** ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ എൻഎസ്എസ് യൂണിറ്റുകളും ഈ ദിനം സമുചിതമായി ആചരിക്കുന്നു.

**റിപ്പബ്ലിക്ക് ദിനാശംസകൾ.......................**

ഒപ്പ്
പ്രോഗ്രാംകോഡിനേറ്റർ